<u>പതിമൂന്നാം കേരള നിയമസഭ</u>

<u>പതിനാറാം സമ്മേളനം</u>

**നക്ഷത്രചിഹ്നമിട്ട ചോദ്യം :43 09.02.2016 ൽ മറുപടിയ്ക്ക്**

**<u>സ്വകാര്യ സൗരോർജ്ജ സംരംഭകർ മുഖാന്തിരം ലഭിക്കുന്ന വൈദ്യുതി</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ. കെ. ശശീന്ദ്രൻ<br>,, തോമസ് ചാണ്ടി : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) സ്വകാര്യ സൗരോർജ്ജ സംരംഭകർ മുഖാന്തിരം ലഭിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി. യുടെ ജനറൽ ഗ്രിഡിലേയ്ക്ക് എന്ന് മുതലാണ് സ്വീകരിച്ചു തുടങ്ങിയത്; | (എ) 06.08.2014 മുതൽ (കൃഷ്ണ ജ്യൂവൽസ്, കണ്ണൂർ) |
| (ബി) കെ.എസ്.ഇ.ബി.യ്ക്ക് ലഭിച്ച വൈദ്യുതിയും ഉപയോഗിച്ച വൈദ്യുതിയും ഏതു രീതിയിലാണ് ക്രമീകരിക്കപ്പെടുന്നത്; | (ബി) ഗ്രിഡ് ബന്ധിത സൗരോർജ്ജ നിലയം വഴി വൈദ്യുതി ഉല്പാദിപ്പിക്കുന്ന സംരംഭകർ അവരുടെ ഉപഭോഗം കഴിഞ്ഞ് ഉല്പാദനമിച്ചമുള്ള വൈദ്യുതി യാണ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഗ്രിഡിലേയ്ക്ക് നൽകുന്നത്.<br>സ്വകാര്യ സൗരോർജ്ജ സംരംഭകരിൽ നിന്നും കെ.എസ്.ഇ.ബി യുടെ ഗ്രിഡ് വഴി സ്വീകരിക്കുന്ന വൈദ്യുതിയും കെ.എസ്.ഇ.ബി യിൽ നിന്നും സ്വകാര്യ സൗരോർജ്ജ സംരംഭകർക്ക് നൽകുന്ന വൈദ്യുതിയും TOD മീറ്ററിൽ രേഖപ്പെടുത്തും. |
| (സി) ഇതിന് വേണ്ട ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | ഉണ്ട്. കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ (ഗ്രിഡ് ഇന്ററാക്ടീവ് ഡിസ്ട്രിബ്യൂട്ടഡ് സോളാർ എനർജി സിസ്റ്റംസ്) റെഗുലേഷൻസ്, 2014 പ്രകാരം ഇത് സംബന്ധിച്ച ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ഡി) ഇല്ലെങ്കിൽ ഇതിനായി ചട്ടങ്ങൾ എന്ന് രൂപീകരിക്കുമെന്നു വ്യക്തമാക്കാമോ? | (ഡി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**